പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2439 — 14.06. 2019 ൽ മറുപടിക്ക്

## കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളുടെ വൈദ്യുതി താരിഫ്

ചോദ്യം — ഉത്തരം

ശ്രീ.അനിൽ അക്കര — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരള വാട്ടർ അതോറിറ്റിയുടെ പമ്പ്ഹൗസുകൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി നിരക്ക് ഈടാക്കുന്നത് വ്യവസായങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള താരിഫിന്റെ അടിസ്ഥാനത്തിലാണോ എന്നറിയിക്കാമോ; | (എ) കേരളാ വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ വൈദ്യുതി നിരക്ക് ഈടാക്കി വരുന്നത്, വ്യാവസായിക താരിഫിലാണ്.<br>ഹൈടെൻഷൻ വിഭാഗത്തിൽ 'HT 1 (A) വ്യവസായം' എന്ന താരിഫിലും, ലോ ടെൻഷൻ വിഭാഗത്തിൽ 'LT IV A വ്യവസായം' എന്ന താരിഫിലും ആണ് വൈദ്യുതി നിരക്ക് ഈടാക്കി വരുന്നത്. |
| (ബി) പ്രസ്തുത താരീഫ് എന്നാണ് നിലവിൽ വന്നത്; | (ബി) ലോ ടെൻഷൻ വിഭാഗത്തിൽ, 01.08.1982 മുതലും ഹൈടെൻഷൻ വിഭാഗത്തിൽ 01.08.1988 മുതലും, 'പൊതു ജലപദ്ധതികൾക്ക്', വ്യാവസായിക താരിഫിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. |
| (സി) മറ്റ് സംസ്ഥാനങ്ങളിൽ പമ്പ് ഹൗസുകൾ പ്രവർത്തിപ്പിക്കുന്നതിന് കൃഷി ആവശ്യങ്ങൾക്കുള്ള താരീഫ് നിരക്കാണ് ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ലഭ്യമായ രേഖകൾ പ്രകാരം (വിവിധ സംസ്ഥാനങ്ങളിലെ റെഗുലേറ്ററി കമ്മീഷനുകളുടെ ഉത്തരവുകൾ അനുസരിച്ച്) ചത്തീസ്ഗഢിൽ ഒഴിച്ച്, ബാക്കിയുള്ള സംസ്ഥാനങ്ങളിൽ പൊതു ജലപദ്ധതികൾക്ക്, കാർഷിക താരിഫ് ബാധകമാക്കിയിട്ടില്ല. ചത്തീസ്ഗഢിൽ, ഹൈടെൻഷൻ വിഭാഗത്തിനു മാത്രമാണ് കാർഷിക താരിഫ് ബാധകമാക്കിയിരിക്കുന്നത്. എന്നാൽ ഇവിടെ നിലവിലുള്ള നിരക്ക് താഴെ പറയുന്ന പ്രകാരമാണ്.<br>താരിഫ് HV. 5<br>ഡിമാന്റ് ചാർജ്ജ് - ₹375/KVA/Month<br>എനർജി ചാർജ്ജ് – 530 paise/KVAh<br>നിലവിൽ സംസ്ഥാനത്ത് ഹൈടെൻഷൻ വിഭാഗത്തിന്റെ വൈദ്യുതി നിരക്കുകൾ താഴെ പറയുന്ന പ്രകാരമാണ്.<br>ഡിമാന്റ് ചാർജ്ജ് - ₹300/KVA/Month<br>എനർജി ചാർജ്ജ് – ₹5.50/KWh<br>അതായത്, ചത്തീസ്ഗഢിലെ താരിഫ്, കേരളത്തിലേക്കാൾ ഉയർന്നതാണ്.<br>(ചത്തീസ്ഗഢിൽ KVAh ബില്ലിങ്ങും, കേരളത്തിൽ KWh ബില്ലിങ്ങും ആണ്. കൂടാതെ ഡിമാന്റ് ചാർജിൽ KVA ഒന്നിന് 75 രൂപ |

| | |
|---|---|
| | കേരളത്തിലേക്കാൾ അധികമാണ്.) |
| (ഡി) കേരള വാട്ടർ അതോറിറ്റി-യുടെ പമ്പ് ഹൗസുകളുടെ വൈദ്യുതി താരിഫ് കൃഷി ആവശ്യ - ങ്ങൾക്കുള്ള താരിഫിലേക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ? | (ഡി) കേന്ദ്ര വൈദ്യുതി നിയമത്തിലെ 45, 86 – എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാനത്തെ, വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി താരിഫ് നിർണ്ണയിക്കാനുള്ള അധികാരം, സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകളിൽ നിക്ഷിപ്തമായതിനാൽ, പമ്പ് ഹൗസുകളുടെ താരിഫ് മാറ്റം സംബന്ധിച്ച വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കേണ്ടത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ് |

സെക്ഷൻ ഓഫീസർ